**കേരള സർക്കാർ**

**<u>ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്</u>**

**<u>പരിപത്രം</u>**

നമ്പർ. ഡി.എം.1/217/2018/ഡി.എം.ഡി.

തിരുവനന്തപുരം,
തീയതി : 28/05/2018

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ 16.05.2018-ലെ കാലവർഷ തുലാവർഷ മുന്നൊരുക്ക യോഗ നടപടിക്കുറിപ്പുകൾ.

മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും വിവിധ വകുപ്പുകളും അടിയന്തിരമായി സ്വീകരിക്കേണ്ട പ്രതിരോധ/ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എല്ലാ ജില്ലകളും ഹരിത കേരളം, തൊഴിലുറപ്പ് എന്നീ പദ്ധതികൾ ഉപയോഗിച്ച് ജല സംരക്ഷണത്തിന് കുളങ്ങളും, തോടുകളും, മറ്റ് ജലാശയങ്ങൾ, കിണറുകൾ എന്നിവയെല്ലാം ശുദ്ധമാക്കുവാനും പരമാവധി ജല സംഭരണം ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) കാലവർഷ ആരംഭത്തിൽ ലഭിക്കുന്ന മഴ പരമാവധി സംഭരിച്ച് വിനിയോഗം കാര്യക്ഷമമാക്കുവാൻ ഉതകുന്ന നടപടികൾ ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി, KSEB എന്നിവർ സ്വീകരിക്കേണ്ടതാണ്. ജല സംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ജലസേചന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

(3) കാലവർഷ-തുലാവർഷ തയാറെടുപ്പ് പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ മെയ് 30 ന് മുൻപ് ചേരേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹ-അദ്ധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തല അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്.

(4) കേരളത്തിലെ വഴിഅരികുകളിലും, കടത്തിണ്ണകളിലും, ബസ് സ്റ്റാന്റുകളിലും അന്തിയുറങ്ങുന്ന ആളുകൾക്ക് മഴക്കാലം ദുരന്ത പൂർണമാണ്. ഇത് ഒഴിവാക്കുവാനും, ഇവർക്ക് ഈ മഴക്കാലത്ത് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാമൂഹിക സുരക്ഷാ വകുപ്പ് ഒരുക്കേണ്ടതാണ്.

(5) എല്ലാ ജില്ലകളിലും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ റവന്യൂ പോലീസ് (പോലീസ് VHF റേഡിയോ സഹിതം), അഗ്നിശമന സേന എന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഷിഫ്റ്റ് വ്യവസ്ഥയിൽ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട് എന്ന് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala (http://sdma.kerala.gov.in/publications/Handbook/SEOC,%202015.pdf)ൽ നിഷ്കർച്ചിരിക്കുന്നത് പോലെ ഉറപ്പ് വരുത്തണം. ഇതിനായി ജില്ലാ ദുരന്ത നിവാരണ

അതോറിറ്റി ചെയർമാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (xviii) പ്രകാരം ജില്ലാതല വകുപ്പ് മേധാവികൾക്ക് ഉത്തരവ് നൽകേണ്ടതാണ്. ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഈ വിഷയത്തിൽ 2013 മുതൽ സ്വീകരിച്ചിട്ടുള്ള പ്രവൃത്തികൾ അനുകരണീയമാണ്.

(6) Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിഷ്കർഷിച്ചിരിക്കുന്നത് പോലെ എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും രണ്ട് സ്ഥിരം മൊബൈൽ ഫോണും നമ്പറുകളും ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ സ്ഥാപിച്ച്, പ്രസ്തുത നമ്പർ revenuedmdk@gmail.com, seoc.gok@gmail.com എന്നീ ഇമെയിലുകളിൽ അറിയിക്കുക. ഈ നമ്പർ ഏതെങ്കിലും വ്യക്തിയുടെതോ, ഉദ്യോഗസ്ഥന്റേയോ ആയിരിക്കരുത്. ഈ മൊബൈൽ ഫോൺ നമ്പറിൽ WhatsApp ഉണ്ടാകേണ്ടതാണ്. ദുരന്ത സംബന്ധിയായി ജില്ലയെ സംബന്ധിച്ച് ലഭിക്കുന്ന മുന്നറിയിപ്പുകൾ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, ജില്ലാ കളക്ടറുടെ ഔദ്യോഗിക മൊബൈൽ നമ്പറിലും ആയിരിക്കും പ്രധാനമായി സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും അറിയിക്കുക. ജില്ലാതലത്തിൽ ആവശ്യമായ വകുപ്പുകൾക്കും, ജന പ്രതിനിധികൾക്കും അറിയിപ്പുകൾ നൽകേണ്ടുന്ന ചുമതല ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനായിരിക്കും.

(7) വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിൽ ഉള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം എല്ലാ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു. ഇതിനായി വകുപ്പുകൾ സ്വന്തമായി പണം കണ്ടെത്തണം. അപകടകരം എന്നും അടിയന്തിരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും മരച്ചില്ലകളും മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുക. ഈ സമിതിയുടെ ശിപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട മരങ്ങളും മരച്ചില്ലകളും മുറിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഈ നിർദ്ദേശം അനുസരിക്കാത്ത വകുപ്പുകൾക്കായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ. മറ്റ് വകുപ്പുകളുടെ ഭൂമിയിൽ ഉള്ള മരം കോതി ഒതുക്കുവാനും മുറിച്ച് മാറ്റുവാനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പണം വിനിയോഗിക്കുവാൻ പാടില്ല. എന്നാൽ അംഗീകൃത ദുരന്തത്തിൽ മറിഞ്ഞു വീഴുന്ന മരം മുറിച്ച് മാറ്റി ഗതാഗതം പുനസ്ഥാപിക്കുവാനും, Search and Rescue വിനായും മരം മുറിച്ച് മാറ്റുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമാണ്.

(8) സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം പൊതുജനങ്ങൾക്ക് പത്ര-മാധ്യമങ്ങൾ വഴി നിർദ്ദേശം നൽകുക. ഈ നിർദ്ദേശം അനുസരിക്കാത്ത വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത എന്നത് പരസ്യപ്പെടുത്തുക.

(9) എല്ലാ വകുപ്പുകളും അവരവരിൽ നിക്ഷിപ്തമായ ദുരന്ത പ്രതികരണ ചുമതലകൾ Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala available at (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിന്നും മനസിലാക്കുകയും ആവശ്യമായ വകുപ്പുതല തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുക.

(10) Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala available at (http://sdma.kerala.gov.in/wp-content/uploads/EOCESFP2015-Edition-2.pdf)ൽ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റിൽ എല്ലാ വകുപ്പുകളും മഴക്കാല ദുരന്തങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിന് ഒരു നോഡൽ ഓഫീസറെ നിയമിച്ച് 29 May 2018 നകം ഈ ഇമെയിലുകളിൽ അറിയിക്കുക revenuedmdk@gmail.com, seoc.gok@gmail.com.

(11) കേരളത്തിൽ, ജില്ല തിരിച്ച് ദുരന്ത പ്രതികരണത്തിന് ഉപയോഗിക്കാവുന്ന ഒട്ടനവധി ഉപകരണങ്ങളുടെ പട്ടിക Indian Disaster Resource Network http://sdma.kerala.gov.in/idrn/ എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഈ പട്ടിക എല്ലാ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, താലൂക്ക് ഓഫീസുകളിലും പ്രിൻറ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരം പ്രാദേശികമായി ശേഖരിച്ചും സൂക്ഷിക്കുക.

(12) എല്ലാ താലൂക്കിലും അഗ്നിശമന സേനയുടെയോ, പോലീസിന്റേയോ ഒരു ASKA light എങ്കിലും ഉണ്ട് എന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തുക.

(13) ജില്ലാ തലത്തിൽ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ tarpaulin-നും, ചെറിയ പന്തലും മറ്റും കെട്ടി നൽകുന്നവരുമായും കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(14) അത്യാഹിത സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ ആവശ്യമായ വണ്ടികൾ, ക്രെയിനുകൾ, മണ്ണ് മാന്തികൾ ദുരിതാശ്വാസത്തിനാവശ്യമായ മറ്റ് വസ്തുവകകൾ (വിറക്, പാത്രങ്ങൾ എന്നിവ) കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management - Volume 2 - Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്ട് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്ട് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(15) ജില്ലാ ദുരന്ത ലഘൂകരണ പദ്ധതിയിൽ (District Disaster Management Plan) നൽകിയിട്ടുള്ള എല്ലാ ദുരന്ത സാധ്യതാ മേഖലകളിലും, വില്ലേജിൽ ഒന്ന് എന്ന കണക്കിൽ അടിയന്തിരഘട്ടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുവാൻ ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും ഇവയുടെ പട്ടിക ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ അതാത് വില്ലേജ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(16) വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളായ കുട്ടനാട്ടിലും, കോൾ നിലങ്ങളിലും, പൊക്കാളി മേഖലയിലും, അടിയന്തിരഘട്ടങ്ങളിൽ മൃഗ സംരക്ഷണ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാൻ ആവശ്യമായ തയ്യാറെടുപ്പുകൾ മൃഗ സംരക്ഷണ വകുപ്പ് കൈക്കൊള്ളണം. ഇത്തരം ക്യാമ്പുകളിൽ ലഭ്യമാക്കുവാൻ ആവശ്യമായ വൈക്കോൽ, തീറ്റ, പുല്ല്, മരുന്ന് എന്നിവയ്ക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്റ്റ് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ. ഇത്തരം ക്യാമ്പുകൾ ആരംഭിക്കുന്നതിന് 30 ദിവസം വരെ ജില്ലാ കളക്ടർക്ക് നേരിട്ട് അനുമതി നൽകാവുന്നതാണ്.

(17) തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച്, പരിഹരിക്കുക. അടിയന്തിരഘട്ടങ്ങളിൽ തീരത്തെ വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ, കടൽ ഭിത്തികൾക്ക് ബലം കുറഞ്ഞ സ്ഥലങ്ങളിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ് നടത്തുക. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ പരിഹരിക്കുവാൻ അനുമതി ഇല്ല. ജലസേചന വകുപ്പ് ഇതിനാവശ്യമായ പണം കണ്ടെത്തേണ്ടതാണ്.

(18) തീരശോഷണം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും സമയ ബന്ധിതമായി നൽകുവാൻ തീരദേശ പോലീസും, ഫിഷറീസ് വകുപ്പും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക. തീരശോഷണം സംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുമ്പോൾ തീരത്ത് അടുപ്പിച്ചിരിക്കുന്ന വള്ളവും വലയും സുരക്ഷിതമാണെന്ന് ഉറപ്പാക്കുവാൻ മത്സ്യ തൊഴിലാളികൾക്ക് തീരദേശ പോലീസും ഫിഷറീസ് വകുപ്പും ആവശ്യമായ നിർദ്ദേശം നൽകണം. വള്ളവും വലയും ഏറ്റവും അടുത്തുള്ള fishing harbor ൽ സൂക്ഷിക്കുന്നതാണ് തീരശോഷണത്തിൽ നിന്നും, കള്ളകടലിൽ നിന്നും ഇവ സംരക്ഷിക്കുവാൻ ഏറ്റവും ഉചിതം.

(19) ഫിഷറീസ്, ജലസേചനം, വൈദ്യുതി, ഡാം സേഫ്റ്റി അതോറിറ്റി, കൃഷി വകുപ്പ് എന്നീ വകുപ്പുകൾ അടിയന്തിരമായി വകുപ്പ് തല ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(20) കുട്ടനാട്ടിലും, കോൾ നിലങ്ങളിലും വെള്ളപ്പൊക്ക സമയത്ത് ഉണ്ടാകുന്ന മടവീഴ്ചയിൽ കൃഷി നാശം പരമാവധി കുറയ്ക്കുവാൻ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ തയ്യാറാക്കി സൂക്ഷിക്കുകയും, അതിശക്തമായ പമ്പ് സെറ്റുകൾക്ക് കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home

Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്റ്റ് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(21) മത്സ്യ തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെടുമ്പോൾ അടിയന്തിര രക്ഷാആവശ്യങ്ങൾക്കായി തീരദേശ പോലീസും, ഫിഷറീസ് വകുപ്പും fishing harbor കൾ കേന്ദ്രീകരിച്ച് ഒരു അതിവേഗ കടൽയാനം (sea worthy boat) എങ്കിലും വാടകയ്ക്ക് എടുക്കുക. ഇതിനായി കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുക. തീരശോഷണം, ശക്തമായ കാറ്റ്, സുനാമി, ചുഴലിക്കാറ്റ് എന്നിവയോടനുബന്ധിച്ചുള്ള അടിയന്തിരഘട്ടത്തിൽ ഈ ബോട്ടുകളുടെ ഉപയോഗത്തിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കാവുന്നതാണ്. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്റ്റ് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ.

(22) എല്ലാ താലൂക്കിലും ഉള്ള സപ്ലൈ ഓഫീസർമാർ മുഖാന്തരം 100 കിലോ അരി, 50 കിലോ പയർ, 10 കിലോ എണ്ണ, 75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച് സൂക്ഷിക്കുക. അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ ക്യാമ്പുകളിൽ ഇത്തരത്തിൽ സംഭരിച്ചിട്ടുള്ള ഭക്ഷ്യ-ധാന്യങ്ങളും, എണ്ണയും, മണ്ണെണ്ണയും സപ്ലൈ ഓഫീസർമാർ തഹസിൽദാർ ആവശ്യപ്പെടുമ്പോൾ നേരിട്ട് എത്തിക്കേണ്ടതാണ്.

(23) ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യ-ധാന്യങ്ങളും, പച്ചക്കറിയും, മത്സ്യവും, മാംസവും, എണ്ണയും, മണ്ണെണ്ണയും, പാചക വാതകവും സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ്, മത്സ്യ ഫെഡ്, കെപ്കോ, എന്നിവയിൽ നിന്നുമാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഇവയുടെ ലഭ്യത ക്യാമ്പുകൾക്ക് ഉറപ്പുവരുത്തുവാൻ ഈ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും, കേന്ദ്ര സർക്കാർ Ltr. No. 33-2/2015-NDM-I dated 17th April 2015 from Ministry of Home Affairs, Govt. of India പ്രകാരം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് തീരുമാനമാക്കി സൂക്ഷിക്കുകയും ചെയ്യുക. ആവശ്യമാണെങ്കിൽ മാത്രം ഉപയോഗപ്പെടുത്തുക. ഇതിനാവശ്യമായ ഫോർമാറ്റ് Handbook on Disaster Management – Volume 2 – Emergency Operations Centres & Emergency Support Functions Plan, Kerala ൽ നൽകിയിട്ടുണ്ട്. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ഇത്തരം റേറ്റ് കോൺട്രാക്റ്റ് ജില്ലാ കളക്ടർ വേണം അന്തിമമായി അംഗീകരിക്കുവാൻ. പ്രൈവറ്റ് ആയി ഇത്തരം അവശ്യസാധനങ്ങൾ വാങ്ങേണ്ടുന്ന സ്ഥിതി സംജാതമായാൽ ഇവ മേൽ സൂചിപ്പിച്ച

സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ല എന്ന് അതാത് സ്ഥാപനങ്ങളുടെ താലൂക്ക്/ജില്ലാതല അധികാരിയിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(24) ക്യാമ്പുകളിലെ അടുക്കളയിൽ മണ്ണെണ്ണയോ, പാചക വാതകകമോ ഉപയോഗിക്കുവാൻ ശ്രമിക്കുക. വിറക് ആവശ്യമാണെങ്കിൽ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിച്ച വ്യക്തിയിൽ നിന്നുമാത്രം സംഭരിക്കുക. മുൻകൂർ റേറ്റ് കോൺട്രാക്റ്റ് ക്ഷണിച്ച് അംഗീകരിക്കാത്ത ഒരു വസ്തുവകകളുടെയും വാടകയോ, ചിലവ് തുകയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിക്കുവാൻ പാടുള്ളതല്ല. ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഇത്തരം സംവിധാനങ്ങൾ 2013 മുതൽ സപ്ലൈ കോ, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ് എന്നിവരുമായി ചേർന്ന് ഏർപ്പെടുത്തി വരുന്നു. ഇതിനായി ഒരു ബുക്ക്‌ലെറ്റും ആലപ്പുഴ ജില്ലയിൽ തയ്യാറാക്കിയിട്ടുണ്ട്.

(25) പുഴക്കടവുകളിലും, ബീച്ചുകളിലും, അപകടകരമായ കയം ഉള്ള പ്രദേശങ്ങളിലും അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുവാൻ ജില്ലാ വിനോദസഞ്ചാര വികസന സമിതിക്ക് നിർദ്ദേശം നൽകുക. ശക്തമായ കാറ്റും, തീരശോഷണവും, തിരയും ഉള്ള സമയത്തും ഇത്തരം അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ജല ക്രീഡകളിൽ ഏർപ്പെടുവാൻ ആരെയും അനുവദിക്കരുത്. ഇതിന് ആവശ്യമായ നടപടികൾ ജില്ലാ വിനോദസഞ്ചാര വികസന സമിതി (DTPC) സ്വീകരിച്ചു എന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തുക.

(26) മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ കാലവർഷ-തുലാവർഷ കാലത്ത് വാഹനങ്ങൾ നിർത്തരുത് എന്ന അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ-സ്വയംഭരണ വകുപ്പ് എന്നിവയ്ക്ക് നിർദ്ദേശം നൽകുക. ഇതിനാവശ്യമായ ചിലവ് പ്രസ്തുത വകുപ്പ് കണ്ടെത്തേണ്ടതാണ്.

(27) മലയോര മേഖലയിലെ പാലം, culvert എന്നിവയുടെ അടിയിലുള്ള തടസ്സങ്ങൾ നീക്കംചെയ്ത് ജല ബഹിർഗമനം സുഗമമാക്കുവാൻ തദ്ദേശ-സ്വയംഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ് എന്നിവ നടപടി സ്വീകരിച്ചു എന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തുക

(28) രണ്ട് ദിവസം അടുപ്പിച്ചു മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നതു വരെ നിർത്തിവെക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അധികാരം നൽകേണ്ടതാണ്.

(29) പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഇത് ഉറപ്പുവരുത്തുവാൻ വില്ലേജ് ഓഫീസർമാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അധികാരം നൽകാവുന്നതാണ്. ഈ നിർദ്ദേശം എല്ലാ സ്വകാര്യ പാറമടഉടമസ്ഥരും 45 ദിവസത്തിനുള്ളിൽ പാലിച്ചു എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഉറപ്പ് വരുത്തണം. പ്രവർത്തനം നിലച്ച പാറമട, കുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാക്കേണ്ടതാണ്. പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതിന്റെ ചുമതല മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനാണ്. ഇതിനാവശ്യമായ തുക പ്രസ്തുത വകുപ്പ് Quarry Safety Fund/District Mineral Foundation Fund ൽ നിന്നും കണ്ടെത്തേണ്ടുന്നതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഇതിനാവശ്യമായ നിർദ്ദേശം ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 30 (2) (v) വിനിയോഗിച്ച് സ്വകാര്യ പാറമട ഉടമസ്ഥർക്കും, ജില്ലയിലെ മൈനിംഗ് ആൻഡ് ജിയോളജി ഉദ്യോഗസ്ഥർക്കും നൽകാവുന്നതാണ്.

(30) മഴക്കാലത്ത് കേരളത്തിൽ റോഡ് അപകടങ്ങൾ, പ്രത്യേകിച്ച്, ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിക്കാറുണ്ട്. റോഡ് സുരക്ഷാ അതോറിറ്റി ഈ വിഷയത്തിൽ

പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ടാങ്കർ ലോറികൾ, പ്രത്യേകിച്ച് പെട്രോളിയം ഉത്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ ലോറികൾ സഞ്ചരിക്കുന്ന പ്രധാന പാതകളിൽ, രാത്രി 10 മണിക്കും പകൽ 6 മണിക്കും ഇടയിൽ അതാത് ജില്ലാ അതിർത്തികളിൽ വച്ച് ഇവയെ തടഞ്ഞ് ഡ്രൈവർമാർക്ക് ഒരു ചൂട് കാപ്പി/ചായ കുടിക്കുവാൻ നൽകുന്നതും, 30 മിനിറ്റ് സമയം ഇവർക്ക് നിർബന്ധിത വിശ്രമം നൽകുന്നതും ഉചിതമായിരിക്കും. ഇതിന് ആവശ്യമായ തുക റോഡ് സുരക്ഷാ അതോറിറ്റികൾ കണ്ടെത്തേണ്ടതാണ്.

(31) അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടുന്ന സാഹചര്യം ഉണ്ടായാൽ പ്രസ്തുത അണക്കെട്ടിന്റെ ചുമതലയുള്ള വകുപ്പ് (KSEB, Irrigation) 24 മണിക്കൂർ മുൻപ് നിർബന്ധമായും തുറന്നുവിടുവാൻ സാധ്യതയുള്ള അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ (BSNL 1077 ൽ) അറിയിപ്പ് നൽകേണ്ടതാണ്.

(32) ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലും, താലൂക്കുകളിലും ഉള്ള എല്ലാ VHF റേഡിയോകളും പ്രവർത്തനക്ഷമമാക്കുവാൻ ജില്ലാ പോലീസ് ടെലികമ്മ്യൂണിക്കേഷൻസിന്റെ സഹായം തേടുക.

(33) ദൈനംദിന ദുരന്ത സാഹചര്യ വിവരങ്ങൾ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ദിവസവും 3 മണിക്ക് മുൻപായി അനുബന്ധമായി ചേർത്തിരിക്കുന്ന ഫോർമാറ്റ് 1-ൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് seoc.gok@gmail.com എന്ന ഇമെയിലിൽ ലഭ്യമാക്കേണ്ടതാണ്. അതാത് ആഴ്ചയിലെ ക്രോഡീകരിച്ച റിപ്പോർട്ട് ഫോർമാറ്റ് 2 പ്രകാരം എല്ലാ മാസവും അവസാന പ്രവർത്തി ദിവസം seoc.gok@gmail.com എന്ന ഇമെയിലിൽ ലഭ്യമാക്കേണ്ടതാണ്.

(34) ജില്ലയിലെ എല്ലാ സ്കൂളുകളിലെയും കെട്ടിടങ്ങളുടെ ഉറപ്പ് തദ്ദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പൊതുമരാമത്ത് വകുപ്പ്, ജില്ലാ നിർമ്മിതി കേന്ദ്രം, ജലസേചനവകുപ്പ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സിവിൽ എഞ്ചിനീയറെകൊണ്ട് പ്രാഥമിക പരിശോധന നടത്തി സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടപടി എടുക്കുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങൾ അദ്ധ്യയനം നടത്തുവാൻ യോഗ്യമാക്കുവാൻ വേണ്ടുന്ന നടപടികൾ വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

(35) ജില്ലയിലെ എല്ലാ ആശുപത്രികളുടെയും കെട്ടിടങ്ങളുടെ ഉറപ്പ് തദ്ദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പൊതുമരാമത്ത് വകുപ്പ്, ജില്ലാ നിർമ്മിതി കേന്ദ്രം, ജലസേചനവകുപ്പ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സിവിൽ എഞ്ചിനീയറെക്കൊണ്ട് പ്രാഥമിക പരിശോധന നടത്തി സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടപടി എടുക്കുക. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങൾക്ക് ആവശ്യമായ ബലപ്പെടുത്തൽ നടത്തുവാൻ വേണ്ടുന്ന നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

(36) കാലവർഷ-തുലാവർഷ തയ്യാറെടുപ്പ്, പ്രതികരണ, പ്രതിരോധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പത്ര മാധ്യമങ്ങളിൽ പ്രചാരണം നടത്തുക.

(37) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രതികരണ പ്രവർത്തങ്ങൾക്ക് അംഗീകാരം ഉള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ നാവിക സേന, വായു സേന, കര സേന, ദേശീയ ദുരന്ത പ്രതികരണ സേന (NDRF), എന്നിവയെ ഉപയോഗപ്പെടുത്തുവാൻ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ ബന്ധപ്പെടുക. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ ആവശ്യം ഇമെയിൽ/SMS/Telephone/Fax ആയി seoc.gok@gmail.com, ഫാക്സ്: 0471-2364424.

Mobile: 9446579222 ൽ അറിയിക്കുക. SMS അല്ലെങ്കിൽ ഫോൺകാൾ എന്നിവ ജില്ല കളക്ടറുടെ ഔദ്യോഗിക ഫോണിൽ നിന്നും മാത്രം ചെയ്യുക.

(38) ദേശീയ ദുരന്ത പ്രതികരണ സേന (NDRF)യെ തൃശ്ശൂരിൽ നിന്നും വിന്യസിക്കുന്ന അവസരത്തിൽ ഇവരുടെ (48 അംഗങ്ങൾ) ഭക്ഷണം, താമസം എന്നിവ അതാത് ജില്ലകൾ വഹിക്കേണ്ടതാണ്. ഇവരുടെ യാത്രാ ചെലവ് തൃശ്ശൂർ ജില്ല ദുരന്ത നിവാരണ അതോറിറ്റി വഹിക്കും. ആരക്കോണത്തുനിന്നും നേരിട്ട് വിന്യസിക്കപ്പെട്ടാലും ഇവരുടെ (48 അംഗങ്ങൾ) ഭക്ഷണം, താമസം എന്നിവ അതാത് ജില്ലകൾ വഹിക്കേണ്ടതാണ്. കൂടാതെ ഇവർ തിരികെ പോകുന്ന അവസരത്തിൽ ഇവരുടെ വാഹനങ്ങളിൽ ആവശ്യമായ ഇന്ധനം നിറച്ച് നൽകേണ്ടതാണ്.

(39) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പ്രതികരണ പ്രവർത്തങ്ങൾക്ക് അംഗീകാരം ഉള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അഗ്നിശമന സേന, നാവിക സേന, വായു സേന, കര സേന, ദേശീയ ദുരന്ത പ്രതികരണ സേന (NDRF), എന്നിവയെ ഉപയോഗപ്പെടുത്തുമ്പോൾ ഇതിന് ആവശ്യമായി വരുന്ന തുക GO (Ms) No. 194/2015/DMD dated 20-05-2015, item 2 – Search and Rescue Operations പ്രകാരം 2245-02-112-99-Flood-Evacuation of Population എന്ന ഹെഡിൽ നിന്നും വഹിക്കാവുന്നതാണ്.

(40) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അംഗീകാരം ഉള്ള ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ പ്രതികരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന തുകയുടെ പരിധികൾ GO (Ms) No. 194/2015/DMD dated 20-05-2015, GO (Ms) No. 343/2015/DMD dated 23-07-2015 എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അനുവദനീയമായ പരിധി അധികരിക്കാതിരിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രത്യേകം ശ്രദ്ധിക്കുക. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ ലഭ്യമാക്കിയിട്ടുള്ള തുക അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക.

(41) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ ഏതെങ്കിലും ഹെഡ് ഓഫ് അക്കൗണ്ടിൽ പഴയ പ്രവൃത്തികൾക്ക് കൊടുത്തു തീർക്കുവാൻ പണം ആവശ്യമുണ്ടെങ്കിൽ, അതാത് കാലഘട്ടത്തിൽ നിലനിന്നിരുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് പരിശോധിച്ച്, സർക്കാരിലേക്ക് ആവശ്യമുള്ള പണം ലഭ്യമാക്കുവാൻ ശുപാർശ ചെയ്യുക.

(42) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ വ്യക്തിഗതമായ എല്ലാ ദുരിതാശ്വാസവും Direct Benefit Transfer വഴി വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ വേണം അനുവദിക്കുവാൻ. ചെക്ക്, നേരിട്ട് പണം നൽകൽ എന്നിവ അനുവദനീയമല്ല.

(43) അതാത് ആഴ്ചയിൽ അനുവദിക്കുന്ന വ്യക്തിഗതമായ ദുരിതാശ്വാസം സംബന്ധിച്ച വിവരവും, ക്യാമ്പുകളുടെ വിവരവും, നാശനഷ്ടം സംബന്ധിച്ച വിവരവും ക്രോഡീകരിച്ച് ജില്ലയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അതാത് താലൂക്ക് ഓഫീസിൽ ഈ വിവരം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇതിനായി ജില്ലാ കളക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൃഷി നഷ്ടവുമായി ബന്ധപ്പെട്ട വിവരം അതാത് കൃഷി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഈ വിവരം ₹10 രൂപ അടച്ച് ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കണം.

(44) എല്ലാ സ്കൂളുകളിലും ജൂൺ 15 ന് മുൻപായി ചുവടെ ചേർക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി പ്രത്യേക അസംബ്ലി വിളിക്കേണ്ടതാണ്

- ജല സംരക്ഷണ പ്രവർത്തനങ്ങളും ഇവ നടപ്പിൽ വരുത്തേണ്ടതിന്റെ പ്രാധാന്യവും – വാട്ടർ അതോറിറ്റി, ജലസേചനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ.
- മഴക്കാലത്ത് പുഴക്കടവുകളിലും, ബീച്ചുകളിലും, തോടുകളിലും, അപകടകരമായ കയം ഉള്ള പ്രദേശങ്ങളിലും, കെട്ടിക്കിടക്കുന്ന വെള്ളത്തിലും കളിക്കുമ്പോൾ എടുക്കേണ്ടുന്ന മുൻകരുതലുകളും, അടിയന്തിരഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന സുരക്ഷാ നടപടികളും സംബന്ധിച്ച് 'എറിഞ്ഞ് കൊടുക്ക്, ചാടരുത്' (Throw, don't' Jump) എന്ന സിദ്ധാന്തത്തിൽ ഊന്നിക്കൊണ്ട് - അഗ്നിശമനസേന, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ.
- മഴക്കാല പകർച്ചവ്യാധി പ്രതിരോധം – ഹോമിയോപ്പതി, ആയുർവേദ, അലോപ്പതി ഡോക്ടർമാരുടെ സഹായത്തോടെ.

(45) മുൻ വർഷങ്ങളിൽ അപകട മരണം നടന്നിട്ടുള്ള സ്ഥലങ്ങൾ (ചങ്ങാടം മറിഞ്ഞ്, ആറ്റിൻ കര ഇടിഞ്ഞ് തുടങ്ങിയവ) അതാത് വില്ലേജ് ഓഫീസർമാർ സന്ദർശിച്ച് മുൻകരുതലുകൾ എടുക്കാനും, മുന്നറിയിപ്പ് നൽകാനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ കർശന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. സ്കൂൾ കുട്ടികളെ കൂട്ടിയുള്ള ചങ്ങാട യാത്രകൾ നിരീക്ഷണ വിധേയമാക്കി മുൻ കരുതലുകൾ കർശനമായി എടുക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കേണ്ടതാണ്.

**ഷൈലശ്രീ കെ.**
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്

ഭക്ഷ്യപൊതുവിതരണ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
ജലവിഭവ വകുപ്പ്
ഊർജ്ജ വകുപ്പ്
കൃഷി വകുപ്പ്
ഫിഷറീസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ